"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി -ബേക്കറി -പാളയം-എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 208/2005 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയ സർക്കാർ ഉത്തരവിൽ തിരുത്തൽ വരുത്തി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ. ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3108/2025/LSGD തീയതി,തിരുവനന്തപുരം, 30-12-2025

---

പരാമർശം:- സ.ഉ.(സാധാ)നം.3041/2025/തസ്വഭവ തീയതി 22-12-2025

**<u>ഉത്തരവ്</u>**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ബേക്കറി-പാളയം- എയർപോർട്ട് റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2981/5, 2981/4, 2981/3, 2978/2 (എൽ.എ. റീ. സർവ്വേ നം. 2978/5, 2981/15) എന്നിവയിൽ ഉൾപ്പെട്ട 2.76 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 208/2005 നമ്പർ കേസിലെ ബാലൻസ് തുകയായ 1,28,46,994/- രൂപ (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി നാല്പത്തിയാറായിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റിനാല് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. എ. വി. ജോസ് (ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ആലുക്കാസ് എന്റർപ്രൈസസ് (പ്രൈ. ലി.)-ന് അനുവദിക്കുന്നതിനായി '*4217-60-800-93 Payment of Compensation in LAR Cases (Plan-Charged)*' എന്ന ശീർഷകത്തിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിലീസ് ചെയ്യുന്നതിന് പരാമർശിത ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവിലെ സംഗ്രഹത്തിൽ ബേക്കറി-പാളയം-എയർപോർട്ട് റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 208/2005 നമ്പർ കേസ് എന്നതിന് പകരം എൽ.എം.എസ്.-അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 208/2005 നമ്പർ കേസ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

2) ഈ സാഹചര്യത്തിൽ പരാമർശിത സർക്കാർ ഉത്തരവിലെ സംഗ്രഹത്തിൽ 'എൽ.എം.എസ്.-അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി' എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് 'ബേക്കറി-പാളയം-എയർപോർട്ട് റോഡിന്റെ വികസനത്തിനായി' എന്ന് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരമാർശിത സർക്കാർ ഉത്തരവ് മേൽ തിരുത്തലോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, തിരുവനന്തപുരം

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.

ശ്രീ. എ. വി. ജോസ് (ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ആലുക്കാസ് എന്റർപ്രൈസസ് (പ്രൈ. ലി.)സ, തൃശ്ശൂർ (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).

ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.

സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.

ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (WCD-3/267/2025/FIN. dated 09.12.2025).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/84/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by

Biju. B

Date: 31-12-2025 12:54:24

സെക്ഷൻ ഓഫീസർ